**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1796** **04.05.2017-ൽ മറുപടിക്ക്**

**വാണിജ്യ നികുതി വകുപ്പിലെ ഫയലുകൾ സി & എ. ജി . യു് ആഡിറ്റ് ചെയ്യാൻ നൽകാത്ത നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.മാണി | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ വാണിജ്യ നികുതി അസ്സെസ്സ്മെന്റ് ഫയലുകൾ ആഡിറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിട്ട് നൽകുന്നില്ലെന്ന് സി & എ.ജി. വാണിജ്യ നികുതി കമ്മീഷണറോട് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്മീഷണറും സർക്കാരും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ നികുതി കമ്മീഷണർ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറുടെ വിശദീകരണം തേടുകയും ഇതിനുത്തരവാദികളായ നാല് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എറണാകുളം ജില്ലയിലെ വാണിജ്യ നികുതി വകുപ്പിൽ അസ്സെസ്സ്മെന്റ് നടത്തുവാൻ റിട്ടയർ ചെയ്ത രണ്ടു ഡെപ്യൂട്ടി കമ്മീഷണർമാരെയും രണ്ട് അസിസ്റ്റന്റ് കമ്മീഷണർമാരെയും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണ്; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം; | (ബി) | ഇല്ല |
| (സി) | ഇവരുടെ പുനർനിയമനം മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | എറണാകുളം ജില്ലയിലെ വാണിജ്യ നികുതി ഉദ്യോഗസ്ഥന്മാർ അസ്സെസ്സ്മെന്റ് നടത്താതെയും സി & എ.ജി.യ്ക്ക് ആഡിറ്റിന് ഫയൽ നൽകാതെയും ഡീലർമാരുമായി കൂട്ടുചേർന്ന് ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ വാറ്റിലെ നികുതിക്ക് ആംനെസ്റ്റി സ്കീം കൊണ്ട് വന്ന നികുതിയിളവ് നൽകാമെന്ന് | | |

| | | | |
|---|---|---|---|
| | പ്രലോഭിപ്പിച്ച പിരിവു നടത്തുന്ന വിവരം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഡി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ